"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - ഝാർഖണ്ഡ് സ്വദേശികളായ മംഗളേശ്വർ - രഞ്ജിത ദമ്പതികളുടെ മകളായ നിധി എന്ന കുട്ടിയുടെ ചികിത്സക്ക് ചെലവായ, 1,64,095/-രൂപ ബാലനിധിയിൽ നിന്ന് വിനിയോഗിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.226/2026/WCDD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. 01-11-2017 ലെ സ.ഉ(സാധാ)നം.730/2017/സാനീവ
2. 25-02-2026 ലെ സ.ഉ(സാധാ)നം.90/2026/WCDD
3. വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/1936/2025-ICPS 4 നമ്പർ 09/06/2025, 14/06/2026 തീയതികളിലെ കത്തുകൾ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13-12-2025 ലെ എം.എച്ച് 4-25631/2025/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകളനുഭവിക്കുനന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനുമായി ധനസഹായം നൽകുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ച ബാലനിധിയുടെ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കോട്ടയത്ത് ഫിഷ് ഫാമിൽ ജോലി ചെയ്യുകയായിരുന്ന ഝാർഖണ്ഡ് സ്വദേശികളായ മംഗളേശ്വർ - രഞ്ജിത ദമ്പതികളുടെ മകളായ, പൂർണ്ണ വളർച്ചയെത്താതെ 28 ആഴ്ച മാത്രം വളർച്ചയുള്ളപ്പോൾ ജനിച്ചതും പ്രസവാനന്തരം മാതാപിതാക്കൾ ഉപേക്ഷിച്ച പോയതുമായ, നിധി എന്ന കുട്ടിയുടെ വിദഗ്ധ ചികിത്സക്കായി ലൂർദ് ആശുപത്രിയിൽ ചെലവായ 1,64,095/-രൂപ (ഒരു ലക്ഷത്തി അറുപത്തി നാലായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) 'ബാലനിധി 'യിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്ന് അനുവദിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോട്ടയത്ത് ഫിഷ് ഫാമിൽ ജോലി

ചെയ്യുകയായിരുന്ന ഝാർഖണ്ഡ് സ്വദേശികളായ മംഗളേശ്വർ - രഞ്ജിത ദമ്പതികളുടെ മകളായ, പൂർണ്ണ വളർച്ചയെത്താതെ 28 ആഴ്ച മാത്രം വളർച്ചയുള്ളപ്പോൾ ജനിച്ചതും പ്രസവാനന്തരം മാതാപിതാക്കൾ ഉപേക്ഷിച്ച് പോയതുമായ, നിധി എന്ന കുട്ടിയുടെ വിദഗ്ധ ചികിത്സക്കായി ലൂർദ് ആശുപത്രിയിൽ ചെലവായ 1,64,095/-രൂപ (ഒരു ലക്ഷത്തി അറുപത്തി നാലായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) 'ബാലനിധി 'യിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്ന് വിനിയോഗിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര ആർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 07-07-2026 11:36:29
സെക്ഷൻ ഓഫീസർ